# സംഘർഷ ഭൂമിയായി തീർന്ന ശബരിമല

**കൂട്ടുകാരേ, ആഗസ്റ്റിലെ പ്രളയത്തെ നാം ഒരുമിച്ച് അതിജീവിച്ചു. പക്ഷേ അതിനുശേഷം കേരളത്തിലെ ജനകീയ ഭക്തി കേന്ദ്രമായ ശബരിമല ഒരുപാടു സമരങ്ങൾക്കും സംഘർഷങ്ങൾക്കും വേദിയായിരിക്കുകയാണ്. ഭാവി പൗരന്മാരായ നിങ്ങൾ സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന്റെ ഭാഗമായി ഈ വിഷയവും മനസ്സിലാക്കൂ...**

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ ഒന്നാണ് ശബരിമല ശാസ്താ ക്ഷേത്രം. പത്തനംതിട്ട ജില്ലയിൽ പെരിയാർ കടുവാസങ്കേതത്തിനോടടുത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. വനാന്തരത്തിലുള്ള ഈ ക്ഷേത്രത്തിൽ ശാസ്താവ് അഥവാ അയ്യപ്പൻ എന്ന ദേവനാണ് പ്രതിഷ്ഠ. ഹിന്ദുമതത്തിൽപെട്ടവർ വർഷങ്ങളായി അനുഷ്ഠിക്കുന്ന ഒന്നാണ് ശബരിമല തീർഥാടനം. നാൽപതു ദിവസത്തെ വ്രതമെടുത്ത് അവർ ഇരുമുടികെട്ടേന്തി ഇഷ്ടദേവനെ ദർശിക്കുന്നു. എന്നാൽ ഈ ആരാധനാലയം ഒന്നുരണ്ടു മാസമായി സമരങ്ങളുടെയും സംഘർഷങ്ങളുടെയും കേന്ദ്ര ബിന്ദുവായി മാറികഴിഞ്ഞിരിക്കുന്നു.



▸▸ കാലാവസ്ഥാ പഠനത്തിനുപയോഗിക്കുന്ന ബലൂണുകളിൽ നിറയ്ക്കുന്ന വാതകം– ഹീലിയം


പമ്പാനദി

കാരണം എന്താണെന്നോ?

ഈ ക്ഷേത്രത്തിലെ ദേവനായ അയ്യപ്പൻ ബ്രഹ്മചാരിയായതിനാൽ 10 മുതൽ 50 വയസ്സുവരെയുള്ള സ്ത്രീകൾക്ക് അയ്യപ്പദർശനം പാടില്ലെന്നാണത്രെ. 1991 -നു മുമ്പ് ശബരിമലയിൽ സ്ത്രീ പ്രവേശത്തിന് നിയമപരമായി വിലക്കുണ്ടായിരുന്നില്ല. സ്ത്രീകൾ അയ്യപ്പദർശനം നടത്താറുണ്ടായിരുന്നു. 91-ൽ കേരള ഹൈക്കോടതി സ്ത്രീ പ്രവേശനം വിലക്കിക്കൊണ്ട് ഉത്തരവിട്ടു. പിന്നീട് അതിനെതിരെ നീതി തേടി ചില വനിതാ പ്രസ്ഥാനങ്ങളും സാസ്കാരിക സംഘടനകളും സുപ്രീം കോടതിയെ സമീപിച്ചു.

കഴിഞ്ഞ സെപ്റ്റംബർ 28 ന് സുപ്രീം കോടതി തങ്ങൾക്കു മുന്നിൽ വന്ന ഈ ഹരജിയിന്മേൽ സ്ത്രീപ്രവേശത്തിന് അനുമതി നൽകുകയായിരുന്നു. ഇതോടെ ക്ഷേത്രത്തിന്റെ ചുമതലയുള്ള പന്തളം രാജകുടുംബവും ക്ഷേത്ര തന്ത്രികളും മറ്റു രാഷ്ട്രീയ പാർട്ടികളും സുപ്രീം കോടതിയെ അനുസരിക്കാതെ ഇവിടെയെത്തിയ സ്ത്രീകളെ തടയുകയായിരുന്നു. സർക്കാറിന്റെയും പോലീസിന്റെയും നീതിനിർവഹണത്തെ വെല്ലുവിളിച്ചുകൊണ്ട് ഒട്ടേറെ സംഘർഷങ്ങളും ഹർത്താലുകളും അരങ്ങേറി. ഈ സന്ദർഭത്തിൽ ക്ഷേത്രത്തെക്കുറിച്ചുള്ള ഈ ലഘു പരിചയം.

ഈ ക്ഷേത്രത്തിൽ അയ്യപ്പൻ ആണ് പ്രതിഷ്ഠ. ദേവൻ ശിവൻ, വിഷ്ണു എന്നിവരുടെ പുത്രനാണെന്നാണ് വിശ്വാസം. മറ്റു ക്ഷേത്രങ്ങളെ പോലെ ഇവിടെ എല്ലാദിവസവും പൂജ ഇല്ല. വൃശ്ചികം ഒന്നു മുതൽ ധനു പതിനൊന്നുവരെ നീളുന്ന മണ്ഡലകാലമാണ് ക്ഷേത്രത്തിലെ തീർത്ഥാടന കാലം.

ക്ഷേത്ര ദേവനായ അയ്യപ്പനെപ്പറ്റി ഒരുപാടു ഐതിഹ്യങ്ങളുണ്ട്. ശിവഭക്തനായ പന്തളം രാജാവിന് പമ്പാതീരത്തു നിന്നു കിട്ടിയ ആൺകുഞ്ഞായിരുന്നു അയ്യപ്പൻ. അദ്ദേഹത്തെ യുവരാജാവായി വാഴിക്കാൻ രാജാവ് ശ്രമിച്ചപ്പോൾ രാജ്ഞി മന്ത്രിയുമായി ചേർന്ന് അദ്ദേഹത്തെ ഇല്ലാതാക്കാൻ ഗൂഢാലോചന നടത്തുകയായിരുന്നു. രാജ്ഞി മന്ത്രിയുമായി ചേർന്ന് വയറുവേദന അഭിനയിക്കുകയും കൊട്ടാരം വൈദ്യൻ പുലിപ്പാൽ മരുന്നായി നിർദേശിക്കുകയും ചെയ്തു. അതിനായി കൊടും കാട്ടിലേക്കു പോയ അയ്യപ്പൻ വിജയശ്രീലാളിതനായി തിരിച്ചെത്തി. രാജാവ്



## മകരവിളക്ക്

ശബരിമല ക്ഷേത്രത്തിലെ പ്രസിദ്ധമായ ഉത്സവമാണ് മകരവിളക്ക്. മകരമാസം ഒന്നിനാണ് ഇത്. ശബരിമല ക്ഷേത്രത്തിന്റെ അൽപം അകലെ പൊന്നമ്പലമേട് എന്ന മലയുടെ മുകളിലുള്ള ക്ഷേത്രത്തിൽ മൂന്നുവട്ടം മകരജ്യോതി എന്ന പേരിലുള്ള പ്രകാശം തെളിയും. പൊന്നമ്പലമേട്ടിൽ പണ്ട് ആദിവാസികൾ വിളക്കു തെളിയിച്ച് ദീപാരാധന നടത്തിയിരുന്നതാണ് പിന്നീട് മകരവിളക്കായി അറിയപ്പെട്ടത്.

മകരജ്യോതി സ്വയം പ്രകാശിക്കുന്നതാണെന്നും അത് ദിവ്യാത്ഭുതമാണെന്നുമാണ് പരക്കെ അറിയപ്പെട്ടിരുന്നത്. എന്നാൽ 2008- ൽ ദേവസ്വം ബോർഡും അയ്യപ്പ സേവാസംഘം പ്രവർത്തകരും പോലീസ് സംരക്ഷണത്തിൽ പൊന്നമ്പല മേട്ടിലെത്തി കർപ്പൂരം കത്തിക്കുന്നതാണ് മകരജ്യോതി എന്ന് ക്ഷേത്രത്തിലെ മുതിർന്ന തന്ത്രി വെളിപ്പെടുത്തുകയുണ്ടായി.

▸▸ തണുത്ത മരുഭൂമി എന്നറിയപ്പെടുന്ന ജമ്മുകശ്മീരിലെ പ്രദേശം– ലഡാക്ക്



അയ്യപ്പനു വേണ്ടി ശബരിമലയിൽ ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. ഐതിഹ്യങ്ങളിൽ ഏറ്റവും മുന്തി നിൽക്കുന്നത് ഈ വിശ്വാസമാണ്.

എന്നാൽ ഈ ഐതിഹ്യത്തെ അസാധുവാക്കികൊണ്ട് ഒട്ടേറെ ചരിത്രകാരന്മാർ ശബരിമല ക്ഷേത്രത്തെ ചരിത്രത്തിന്റെ കണ്ണിലൂടെയും നോക്കിക്കണ്ടിട്ടുണ്ട്. ആദികാലത്ത് ദ്രാവിഡരുടെയും പിന്നീട് ബുദ്ധമതക്കാരുടെയും, ഒടുവിൽ ബ്രാഹ്മണ മേധാവിത്വത്തിനു കീഴിലുള്ള ഹൈന്ദവരുടെയും ആരാധനാ മൂർത്തിയായി പരിണമിച്ച നാട്ടുദൈവമാണ് അയ്യപ്പൻ എന്ന് അവർ വസ്തുതകൾ അപഗ്രഥിച്ചുകൊണ്ട് വെളിവാക്കുന്നു.

നമ്മുടെ നാട്ടിൽ ആദി കാലത്ത് ബുദ്ധമതവും തുടർന്ന് അതിനെ തകർത്തുകൊണ്ട് ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ ബ്രാഹ്മണമതവും ആണ് അധീശത്വം പുലർത്തിയിരുന്നതെന്ന് ചരിത്ര പുസ്തകങ്ങൾ വായിച്ചാൽ നിങ്ങൾക്കു മനസ്സിലാകും. നാട്ടാചാരങ്ങളിലൂടെ രൂപപ്പെട്ടു വന്ന നാട്ടു ദൈവങ്ങളായിരുന്നു ആദ്യകാലത്ത് ദ്രാവിഡ



*എരുമേലിയിലെ വാവർ പള്ളി*

## വാവർ

ശബരിമല തീർത്ഥാടനത്തിനു പോകുന്ന വിശ്വാസികൾക്ക് ഒഴിച്ചുകൂടാനാവാത്തതാണ് കോട്ടയം ജില്ലയിലെ എരുമേലിയിൽ സ്ഥിതിചെയ്യുന്ന വാവർ പള്ളി. പള്ളിയിൽ പ്രദക്ഷിണംചെയ്തു കാണിക്ക ഇടുകയാണ് ആചാരം.

ഭസ്മവും കുരമുളകുമാണ് ഈ പള്ളിയിൽ നിന്നും പ്രസാദമായി ഭക്തർക്ക് നൽകുന്നത്. മത സൗഹാർദത്തിന്റെ മഹനീയ മാതൃകയായി അയ്യപ്പനും വാവരും തമ്മിലുള്ള സൗഹൃദം വിലയിരുത്തപ്പെടുന്നു.

വാവരെപ്പറ്റി ഒരുപാട് ഐതിഹ്യങ്ങളുണ്ട്. അദ്ദേഹം എരുമേലിയിൽ ജീവിച്ചിരുന്ന ഒരു സൂഫിയായിരുന്നത്രെ. പുലിപ്പാൽ തേടി കാട്ടിലേക്കു പോയ അയ്യപ്പന് അദ്ദേഹം പുലിയെ അധീനപ്പെടുത്താനുള്ള വിദ്യകൾ പറഞ്ഞുകൊടുത്തു. അയ്യപ്പൻ വിജയകരമായി പുലിപ്പാൽ കറന്ന് തിരിച്ചെത്തുകയും ചെയ്തു. പിന്നീട് കാട്ടിലേക്കു പോയ അയ്യപ്പൻ ഭക്തരോട് തന്നെ കാണാൻ വരും മുമ്പ് തന്റെ സുഹൃത്തിനെ കാണണമെന്ന് ശട്ടം കെട്ടിയത്രെ. ഇതാണ് ശബരിമല തീർത്ഥാടനത്തിനു മുമ്പ് ഭക്തർ എരുമേലിയിലെ വാവർപള്ളി സന്ദർശിക്കുന്നതിന്റെ പിന്നിലുള്ള ഐതിഹ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്.

▸▸ സ്റ്റോറേജ് ബാറ്ററികളിൽ ഉപയോഗിക്കുന്ന ലോഹം – ഈയം





മതത്തിന്റേതായി ഉണ്ടായിരുന്നത്.

പിന്നീട് ബുദ്ധമതകാലത്ത് ശാസ്താവ് എന്നറിയപ്പെടുന്ന ബുദ്ധ വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് ശബരിമല ക്ഷേത്രം പോലെ അനേകം ബുദ്ധക്ഷേത്രങ്ങൾ പതിനഞ്ചാം നൂറ്റാണ്ടിനുശേഷം ഹൈന്ദവ ക്ഷേത്രങ്ങളായി മാറ്റപ്പെടുകയായിരുന്നു.

മലയരയ വിഭാഗത്തിൽ പെട്ട ഒരു യോദ്ധാവായിരുന്നു അയ്യപ്പനെന്നും മലയരയ സമുദായത്തിന്റേതായ ഈ ക്ഷേത്രം 1902 -ലെ തീപ്പിടിത്തത്തിനും ശേഷം പന്തളം രാജവംശമെന്ന് അവകാശപ്പെട്ടവരും സവർണ്ണ മേധാവികളും കൂടി കൈവശപ്പെടുത്തുകയായിരുന്നു എന്ന് മലയര സമുദായത്തിന്റെ ഒരു നേതാവ് അവകാശപ്പെടുന്നു. സുപ്രീം കോടതിയിൽ ഉടമാവകാശത്തിനായി കേസ് കൊടുക്കുകയും ചെയ്തിരിക്കുകയാണ്.

പന്തളം രാജവംശം എന്നൊന്ന് നിലനിന്നിട്ടില്ലെന്നും പാണ്ഡ്യദേശത്തു നിന്ന് ഒരു രാജാവിനെ ഭയപ്പെട്ട് ഓടിപ്പോന്ന ഒരു ക്ഷത്രിയ കുടുംബം പന്തളം പ്രദേശത്തെ ജന്മികളുടെ കാരുണ്യത്തോടെ തങ്ങളുടെ വംശബന്ധം ഉയർത്തിക്കാട്ടി അവരുടെ ദാക്ഷിണ്യത്തിൽ കഴിഞ്ഞിരുന്നവരായിരുന്നുവെന്നും പ്രസിദ്ധ ചിന്തകൻ ടി.ടി ശ്രീകുമാർ ചരിത്രരേഖകൾ ഉദ്ധരിച്ച് അഭിപ്രായപ്പെടുന്നു. ഒരുപാട് കെട്ടുകഥകൾ കൊണ്ട് മെനഞ്ഞെടുത്തതാണ് ശബരിമല ക്ഷേത്രവുമായി പന്തളം രാജവംശത്തിനും തന്ത്രികുടുംബത്തിനുമുള്ള ബന്ധം എന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

ഏതായാലും സ്ത്രീപ്രവേശം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി നമ്മുടെ നാട്ടിന്റെ യഥാർഥ ചരിത്രത്തെക്കുറിച്ച് അന്വേഷിക്കാനും പഠിക്കാനും ഒരവസരമായിത്തീർന്നു എന്നത് പ്രസ്താവയോഗ്യമാണ്.

## കരയല്ലേ..

കണ്ണുനീരുണ്ടാക്കുന്ന വാതകം ഉള്ളിയിലുണ്ട്. അതിനാലാണ് ഉള്ളി മുറിക്കുമ്പോൾ നാം കരയുന്നത്. കറങ്ങുന്ന ഫാനിനു കീഴിൽ വെച്ച് ഉള്ളി മുറിച്ചാൽ കണ്ണുനീർ വരില്ലത്രേ! വെള്ളത്തിനടിയിൽ വെച്ച് ഉള്ളി മുറിച്ചാലും കണ്ണീരു വരില്ല.



▸▸ സേതുവും പുനത്തിൽ കുഞ്ഞബ്ദുല്ലയും ചേർന്ന് എഴുതിയ നോവൽ– നവഗ്രഹങ്ങളുടെ തടവറ